**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **11-09-2023 - ൽ മറുപടിയ്ക്ക്**

**നവകേരള നിർമ്മിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നവകേരള നിർമ്മിതിയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ രൂപപ്പെടുത്തിയ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് എത്രമാത്രം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | നവകേരള നിർമ്മിതിയെ ശക്തിപ്പെടുത്തും വിധം കേരളത്തിലെ പശ്ചാത്തല വികസന മേഖലയെ നവീകരിക്കുന്നതിനുള്ള പ്രവർത്തനമാണ് പൊതുമരാമത്ത് വകുപ്പ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ സമഗ്രപുരോഗതിക്ക് ഗുണകരമാകുന്ന തരത്തിൽ ദേശീയപാതനവീകരണം സാധ്യമാകുന്നത് സംസ്ഥാന സർക്കാരിന്റെ കൂടി മുൻകൈയിലാണ്. ദേശീയപാത-66 ന്റെ ഭൂമി ഏറ്റെടുക്കലിന്റെ 25% സംസ്ഥാനം വഴിയാണ് വികസനം സാധ്യമാകുന്നത്. തലയാടി മുതൽ കാരോട് തമിഴ്നാട് അതിർത്തി വരെ നീളുന്ന ദേശീയപാത-66 ന്റെ വികസനം അതിവേഗം പുരോഗമിക്കുകയാണ്. കുതിരാൻ ടണൽ, കഴക്കൂട്ടം ഫ്ളൈഓവർ, നീലേശ്വരം പള്ളിക്കര ആർ ഒ ബി എന്നിവ പൂർത്തിയാക്കാനായത് സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളുടെ കൂടി ഭാഗമാണ്.മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. ലെവൽക്രോസ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങാൻ റെയിൽവേ ഓവർ ബ്രിഡ്ജുകളും നിർമ്മിക്കുന്നു. സംസ്ഥാനചരിത്രത്തിൽ ആദ്യമായി ഏറ്റവും കൂടുതൽ മേൽപ്പാലങ്ങൾ ഒന്നിച്ച് പ്രവൃത്തി നടക്കുന്ന കാലഘട്ടം ആണിത്. സംസ്ഥാനത്ത് ജംഗ്ഷൻ വികസനത്തിനുള്ള പ്രത്യേകപദ്ധതിയും നടപ്പിലാക്കുന്നു. 15000 കിലോമീറ്റർ റോഡ് BM-BC നിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ് ലക്ഷ്യമിട്ടത്. നിലവിൽ 16456.79 km റോഡ് BM-BC നിലവാരത്തിൽ നവീകരിച്ചു. നൂറ് പാലങ്ങൾ പൂർത്തിയാക്കുമെന്ന ലക്ഷ്യത്തോടും വകുപ്പ് അടുക്കുകയാണ്. കിഫ്ബി പദ്ധതിയിലൂടെയും |

| | | | |
|---|---|---|---|
| | | | റീബിൽഡ് കേരള പദ്ധതിയിലൂടെയും റോഡുകളും പാലങ്ങളും നവീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ നിലയിൽ മികച്ച പശ്ചാത്തലസൌകര്യം ഒരുക്കുവാൻ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നു |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകൾ വഴി കിഫ്ബി മുഖാന്തിരം എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; | (ബി) | **<u>കെ.ആർ.എഫ്.ബി-പി.എം.യു</u>**<br><br>പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി-പി.എം.യു വഴി 62 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>ആർ.ബി.ഡി.സി.കെ</u>**<br><br>ആർ.ബി.ഡി.സി.കെ മുഖേന മൂന്ന് പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>1. കുണ്ടന്നൂർ ഫ്ളൈഓവർ (എറണാകുളം)<br><br>2. എടപ്പാൾ ഫ്ളൈഓവർ (മലപ്പുറം)<br><br>3. പേരാമ്പ്ര ബൈപ്പാസ് (കോഴിക്കോട്) |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വഴി കിഫ്ബി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (സി) | ദേശീയപാത-66 ന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് 5580.73 കോടി രൂപ ദേശീയപാത അതോറിറ്റിക്ക് സംസ്ഥാനം നൽകിയിട്ടുണ്ട്<br><br>**<u>കെ.ആർ.എഫ്.ബി-പി.എം.യു</u>**<br><br>പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി-പി.എം.യു പദ്ധതികൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബി വഴി 458.82 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.<br><br>**<u>ആർ.ബി.ഡി.സി.കെ</u>**<br><br>ആർ.ബി.ഡി.സി.കെ യെ ഏൽപ്പിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 608.98 കോടി രൂപ കിഫ്ബി വഴി ചെലവഴിച്ചിട്ടുണ്ട്.<br><br>**<u>റിക്ക്</u>**<br><br>റിക്കിന് കീഴിലുള്ള കിഫ്ബി പ്രവൃത്തികളായ തിരുവല്ല – മല്ലപള്ളി - ചേലകൊമ്പ് റോഡ്, ഇരാറ്റുപേട്ട - വാഗമൺ റോഡ് എന്നീ റോഡുകളുടെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 50 ലക്ഷം രൂപ വീതം കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ സ്പെഷ്യൽ തഹസിൽദാർമാർക്ക് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 2 റോഡുകളിൽ അതിർത്തി കല്ല് സ്ഥാപിക്കുന്നതിനായി 40,53,950/- രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് - ബാലുശ്ശേരി റോഡിനായി 50ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ 88.54 കോടി രൂപ സ്ഥലമേറ്റെടുക്കലിനായി കിഫ്ബിയിൽ നിന്നും അനുവദിച്ച് സ്പെഷ്യൽ തഹസിൽദാർ ,എൽ.എ,കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. |
| (ഡി) | പ്രധാന ജില്ലാ റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി നീക്കിവയ്ക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | **<u>നിരത്ത് വിഭാഗം</u>**<br><br>പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ പ്രധാന ജില്ലാ റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി 237.4547 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 79 പ്രവർത്തികൾക്ക് 235.2209 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br><br>**<u>റിക്ക്</u>**<br><br>സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റിഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഉപ്പള-കനിയാന റോഡ്,വിദ്യാനഗർ-സീതാംഗോളി റോഡ്-25 കി.മീ-പാക്കേജ്-എ, തിരുവനന്തപുരം ജില്ലയിൽ വെള്ളനാട്-ചെറ്റച്ചൽ റോഡ്, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്-58 കി.മീ-പാക്കേജ്-ബി എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തി DBFMT-PPP Annuity വ്യവസ്ഥയിൽ 29.02.2016 ന് എഗ്രിമെന്റ് വച്ച് 2017-2018 കാലയളവിൽ പൂർത്തീകരിക്കുകയും, നിലവിൽ ടി റോഡുകൾ Operation & Maintenance പിരീഡിലുമാണ്. പ്രസ്തുത റോഡുകൾക്കായി Operation & Maintenance പിരീഡിൽ പ്രതിവർഷം 58.86കോടി രൂപ അന്യൂറ്റി ഇനത്തിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ